# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2384 20.6.2012-ൽ മറുപടിയ്ക്ക്

## ചേലക്കര-ദേശമംഗലം അമ്പാട്ടുകുന്ന് കോളനിക്ക് കുടിവെള്ളം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ചേലക്കര മണ്ഡലത്തിലെ ദേശമംഗലം ഗ്രാമപഞ്ചായത്തിൽപ്പെട്ട അമ്പാട്ടുകുന്ന് പട്ടികജാതി കോളനിക്കു വേണ്ടി നിർവ്വഹണം പൂർത്തിയാക്കിയ കുടിവെള്ള പദ്ധതിയിലേയ്ക്ക് വാട്ടർ അതോറിറ്റിയുടെ കടങ്ങോട് പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കണമെന്ന പഞ്ചായത്ത് സമിതിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | വരവൂർ, എരുമപ്പെട്ടി, കടങ്ങോട്, മേലൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾ പ്പെടുന്ന കടങ്ങോട് ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സിൽ ജനുവരിമാസം മുതൽ ജല ലഭ്യത കുറവ് അനുഭവപ്പെടുന്നതിനാൽ പുതിയ പദ്ധതിയിലേക്ക് വെള്ളം കൊടുക്കുവാൻ സാധിക്കുകയില്ല. നിലവിൽ ദേശമംഗലം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കടങ്ങോട് പദ്ധതിയിൽ നിന്നുള്ള വെള്ളം ലഭ്യമാക്കുന്നുണ്ട്. കടങ്ങോട് പദ്ധതിയുടെ ഉറവിടമായ ഭാരതപ്പുഴയിൽ കൊണ്ടയൂരിൽ സ്ഥിരം |

തടയണ നിർമ്മിച്ചാൽ മാത്രമേ കടങ്ങോട് പദ്ധതിയിൽ വേനൽക്കാലത്ത് വെള്ളം ലഭിക്കുകയുള്ളൂ. കഴിഞ്ഞ വേനൽക്കാലത്ത് ആവശ്യത്തിന് ജലം പുഴയിൽനിന്ന് ലഭ്യമല്ലാത്തതിനാൽ കടങ്ങോട് പദ്ധതിയിൽനിന്നും അമ്പാട്ടുകുന്ന് കോളനിയുടെ പദ്ധതിയിലേക്ക് കണക്ഷൻ നൽകുവാൻ സാധിച്ചില്ല.

(സി) അമ്പാട്ടുകുന്ന് കോളനിയിൽ കുടിവെള്ള സ്രോതസ്സിനു വേണ്ടി കുഴൽക്കിണറുകൾ കുഴിച്ചിട്ടും ജലം ലഭ്യമാകാത്ത സാഹചര്യത്തിൽ തൊട്ടടുത്തു കൂടി കടന്നു പോകുന്ന കടങ്ങോട് പദ്ധതിയിൽ നിന്നും ജലം ലഭ്യമാക്കുന്നതിനാവശ്യമായ കണക്ഷൻ നൽകുവാൻ അടിയന്തിരമായി നടപടികൾ സ്വീകരിക്കുമോ ?

(സി) കൊണ്ടയൂരിൽ സ്ഥിരം തടയണ സ്ഥാപിച്ചാൽ മാത്രമേ മതിയായ അളവിൽ ശുദ്ധജലം ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ